## വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: T.V.അനുപമ IAS)

വിഷയം: വനിത ശിശു വികസന വകുപ്പ് – ദുരന്ത നിവാരണ സെൽ - കോവിഡ്-19 – രോഗ പ്രതിരോധ പ്രവർത്തനം – വകുപ്പിന്റെ കീഴ് കാര്യാലയങ്ങളിൽ കോവിഡ് പ്രോട്ടോകോൾ പ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: വനിത ശിശു വികസന വകുപ്പ് ദുരന്ത നിവാരണ സെൽ നോഡൽ ഓഫീസറുടെ ഉത്തരവ് നം. ICDS/A4/10357/20 തീയതി: 22.10.2020

**ഉത്തരവ് നം. ICDS/A4/10357/20 തീയതി: 12-11-2020**

കോവിഡ്-19 രോഗവ്യാപനം സംസ്ഥാനത്ത് അതിരൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ രോഗവ്യാപനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പിനു കീഴിലുള്ള ഓരോ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനവും ബ്രേക്ക് ദി ചെയിൻ കിയോസ്കുകളും സജ്ജമാക്കി കോവിഡ് പ്രോട്ടോക്കോൾ പ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് പരാമർശ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നു.

ഫ്രണ്ട് ഓഫീസിൽ നിയോഗിക്കുന്ന ജീവനക്കാർക്ക് ഫേസ് ഷീൽഡ്, മാസ്ക്, കൈയുറ, സാനിട്ടൈസർ എന്നിവയും ഓഫീസിലേക്ക് തെർമൽ സ്കാനർ, സാനിട്ടൈസർ/സോപ്പ് എന്നിവക്കും കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നതിനുള്ള മറ്റ് അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഒരു ഓഫീസിന് 3,000/- രൂപ ക്രമത്തിൽ (ജില്ലാ വനിതാശിശുവികസന ഓഫീസ്-14 x 3000 = 42,000/-രൂപ, പ്രോഗ്രാം ഓഫീസ് – 14 x 3000 = 42,000/-രൂപ, വിമൺ പ്രൊട്ടക്ഷൻ ഓഫീസ് – 14 x 3000 = 42,000/-രൂപ, ഐസിഡിഎസ് ഓഫീസുകൾ - 258 x 3000 = 7,74,000/-രൂപ, മഹിളാമന്ദിരം-12x3000=36,000/-രൂപ (വയനാട്,ഇടുക്കി ഒഴികെ) ആഫ്റ്റർകെയർഹോം-2x3000=6,000/-രൂപ(കൊല്ലം,കോഴിക്കോട്),റെസ്ക്യൂഹോം-1x3000=3,000/-(മലപ്പുറം), ഷോർട്ട് സ്റ്റേ ഹോം 1x3000=3,000/-(കോഴിക്കോട്) ആകെ **9,48,000/- (ഒമ്പത് ലക്ഷത്തി നാൽപത്തിയെട്ടായിരം രൂപ മാത്രം)** രൂപ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് BIMS/BAMS പ്രകാരം അനുബന്ധമായി ചേർത്തിട്ടുള്ള ലിസ്റ്റ് പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

ഇതിനാവശ്യമായ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-001-89 പ്ലാൻ

ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക പ്രകാരം ജില്ലയിലെ എല്ലാ കീഴ് കാര്യാലയങ്ങൾക്കും ടി തുക അനുവദിച്ച് നൽകേണ്ടതാണ്. ജില്ലയിൽ ഒരു ഓഫീസിൽ തന്നെ ഒന്നിൽക്കൂടുതൽ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഒരു ഓഫീസ് എന്ന ക്രമത്തിൽ മാത്രം തുക ചെലവഴിച്ചാൽ മതിയാകുന്നതാണ്. ഓഫീസ് ചെലവുകളിൽ ഉൾപ്പെടുത്തി തെർമൽ സ്കാനർ മുൻകൂട്ടി വാങ്ങിച്ചിട്ടുള്ള ഓഫീസുകളിൽ ഇനിയും ആയതിലേക്കായി തുക ചെലവഴിക്കേണ്ടതില്ല.

തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ്, ചെലവ് വിവരപത്രിക എന്നിവ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്

വനിത ശിശുവികസന ഡയറക്ടർ

**പകർപ്പ്:**

1. എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ സിഡിപിഒമാർക്കും
4. സൂപ്രണ്ട് എ സെക്ഷൻ (അലോട്ട്മെന്റ് നല്കുന്നതിന്)
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

## അനുബന്ധം

| ജില്ല | ജില്ലാ ഓഫീസർക്ക് ബിംസിൽ അനുവദിക്കുന്ന തുക | ജില്ലാ ഓഫീസർക്ക് ബാംസിൽ അനുവദിക്കുന്ന തുക | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 3000 | 81000 | 84000 |
| കൊല്ലം | 3000 | 75000 | 78000 |
| പത്തനംതിട്ട | 3000 | 45000 | 48000 |
| കോട്ടയം | 3000 | 54000 | 57000 |
| ഇടുക്കി | 3000 | 45000 | 48000 |
| ആലപ്പുഴ | 3000 | 54000 | 57000 |
| എറണാകുളം | 3000 | 78000 | 81000 |
| തൃശ്ശൂർ | 3000 | 78000 | 81000 |
| പാലക്കാട് | 3000 | 72000 | 75000 |
| മലപ്പുറം | 3000 | 99000 | 102000 |
| കോഴിക്കോട് | 3000 | 78000 | 81000 |
| വയനാട് | 3000 | 30000 | 33000 |
| കണ്ണൂർ | 3000 | 72000 | 75000 |
| കാസർഗോഡ് | 3000 | 45000 | 48000 |
| **ആകെ** | **42000** | **906000** | **948000** |

വനിത ശിശുവികസന ഡയറക്ടർ